വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഉണ്ട്.

ശ്രീ. കെ. കെ. വിശ്വനാഥൻ: എത്രപേരെ അറസ്റ്റുചെയ്തിട്ടുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏഴു പേരോളം അറസ്റ്റുചെയ്തിട്ടുണ്ടെന്നാണ് അറിയുന്നത്.

ശ്രീമതി ദേവകി ഗോപിദാസ്: കുട്ടികളുടെ പൊതിച്ചോറു പിടിച്ചെടുത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിവില്ല. പരിശോധിച്ചിട്ടുണ്ടാകും.

ശ്രീമതി ദേവകി ഗോപിദാസ്: കോട്ടയത്തു് ഇങ്ങനെയൊരു സംഭവം നടന്നതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവൺമെണ്ടു് ഓർഡർ പ്രകാരം അങ്ങനെയൊന്നും ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സംഗതി ഏതോ ഒരു ക്രാന്തൻ ചെയ്തതാണെന്നാണ് അറിയുന്നതു്.

ശ്രീമതി ദേവകി ഗോപിദാസ്: ചിലപ്പോൾ ആ പോലീസുകാരൻ ക്രാന്തനായിരിക്കുമോ?

(ഉത്തരമില്ല)

ഉച്ചഭക്ഷണം

*ന്യ വ്യവ. (ഫൻ) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സ്കൂളുകളിൽ കുട്ടികൾക്കു് ഉച്ചഭക്ഷണം കൊടുക്കുവാനുള്ള ഏർപ്പാടു് ഇപ്പോഴും ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ എല്ലാ സ്കൂളുകളിലും അങ്ങനെ ചെയ്യുന്നുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

(ബി) എല്ലാ സ്കൂളുകളിലും ഇല്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഇപ്പോൾ എത്ര കുട്ടികൾക്കു് ഉച്ചഭക്ഷണം നൽകുന്നുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസുവേണം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇതിലേക്കു് അനുവദിച്ചിട്ടുള്ള സംഖ്യ ശരിയായി വിനിയോഗിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശരിയായി വിനിയോഗിച്ചിരിക്കും. പക്ഷേ അല്പസ്വല്പം വല്ല കുറവുകളും കണ്ടേക്കാം.

ശ്രീ. പി. സി. ഖാദിച്ചൻ: ഉച്ചഭക്ഷണം നൽകുന്നതിനു് മാത്രം സ്കൂളുകളിലും ഒരേയാണു് മുതലപ്പെട്ടത്തിയിരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതാതു സ്കൂളുകളിലെ വാദ്ധ്യാന്മാരെ.

ശ്രീ. പി. സി. ഖാദിച്ചൻ: ഉച്ചഭക്ഷണത്തിന്റെ പേരിൽ കുട്ടികളെക്കൊണ്ടു വിറകു മറ്റും കൊണ്ടുവരണമെന്നു വാദ്ധ്യാന്മാർ ആവശ്യപ്പെടാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പറ്റി അറിവില്ല.

ശ്രീ. പി. സി. ഇടിച്ചുൻ: : അപ്രകാരം കുട്ടികളോട് വിറക് കൊണ്ടുവരണമെന്ന വാദ്ധ്യാന്മാർ നിർബ്ബന്ധിക്കുന്നതായിട്ട് ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തിയാൽ അതിനു ഗവണ്മെണ്ടു വേണ്ട നടപടിയെടുക്കുമോ?

(ഉത്തരമില്ല)

ശ്രീ. എ. താണുപിള്ള: അതുകൊണ്ട് എത്ര കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്നുണ്ടെന്നും എത്ര സ്കൂളുകളിൽ കൊടുക്കുന്നുണ്ടെന്നും കൊടുക്കാത്ത സ്കൂളുകൾ എത്രയാണെന്നും പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസുവേണം.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഉച്ചഭക്ഷണത്തിനുവേണ്ടി എത്ര രൂപയാണ് ചെലവുചെയ്യുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിലേക്കുള്ള സംഖ്യ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഉച്ചഭക്ഷണം സാധുക്കളായ പകുതി കുട്ടികൾക്കു നൽകുകയും, പകുതി കുട്ടികൾക്കു നൽകാതിരിക്കുകയും ചെയ്യുന്നുണ്ടെന്നു ഗവണ്മെണ്ടിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

ശ്രീ. പി. കെ. പോൾ: പിന്നോക്കസമുദായത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം കൊടുക്കണമെന്നുള്ളതല്ലേ ഗവണ്മെണ്ടിന്റെ ആദർശം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ. അതാണ് ഗവണ്മെണ്ടിന്റെ ആദർശം.

ശ്രീ. എ. പി. ഉദയഭാനു: ഉച്ചഭക്ഷണം ഏതാനും സ്കൂളുകളിൽ കൊടുക്കുകയും ഏതാനും സ്കൂളുകളിൽ കൊടുക്കാതിരിക്കുകയും ചെയ്യുന്നതു എന്തടിസ്ഥാനത്തിന്മേലാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തിരുവിതാംകൂറിൽ കമ്പൽസറി പ്രൈമറി എഡ്യൂക്കേഷനുണ്ട്. എന്നാൽ കൊച്ചിയിൽ എല്ലായിടത്തും അങ്ങനെ ഒരേർപ്പാടില്ല.

ശ്രീ. കെ. കരുണാകരൻ: തിരുവിതാംകൂറിലെ എല്ലാ ഭാഗത്തുമുള്ള സ്കൂളുകളിൽ ഈ ഏർപ്പാട് നിലവിലുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചില ഭാഗത്തുമാത്രമെ നിലവിലുള്ളൂ. ഉച്ചഭക്ഷണം കൊടുത്തുവരുന്ന സ്കൂളുകളിൽ ശരിയായി എല്ലാ കുട്ടികൾക്കും കൊടുത്തുവരുന്നുണ്ട്.

ശ്രീ. കെ. കരുണാകരൻ: സർക്കാർ സ്കൂളുകളിൽ മാത്രമോ, അതോ പ്രൈവറ്റ് സ്കൂളുകളിലും കൊടുത്തുവരുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിൽ സർക്കാർ സ്കൂളെന്നും പ്രൈവറ്റ് സ്കൂളെന്നും ഉള്ള വ്യത്യാസമില്ല.

ശ്രീ. കെ. കരുണാകരൻ: ഏതെങ്കിലും സ്കൂളുകളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം ശരിയായി ലഭിക്കുന്നില്ലെന്നുള്ളതിനെപ്പറ്റി വല്ല ആക്ഷേപവും കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആക്ഷേപങ്ങളൊന്നും കിട്ടിയിട്ടില്ല. അങ്ങിനെയുണ്ടെങ്കിൽ അതു വലിയ കഷ്ടമാണ്.

LIBRARY ARCHIVES Kerala Legislative Assembly